

• അശ്വിനി. പി

ജി.എച്ച്.എസ് മങ്കട

# എന്റെ പുതുവർഷ സ്വപ്നങ്ങൾ

പുതിയ വർഷത്തിന് ആരംഭം കുറിക്കുമ്പോൾ ആർക്കുമുണ്ടാകില്ലേ പ്രതീക്ഷകൾ! അങ്ങനെ എനിക്കുമുണ്ട്. അത് ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നു. പുതിയ വർഷം തുടങ്ങുമ്പോൾ കഴിഞ്ഞ വർഷത്തിലെ തെറ്റുകൾ  മറന്ന് പുതിയ വർഷത്തിലേക്കുള്ള ചില നല്ല ശീലങ്ങൾ പഠിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുപോലെ നല്ല കുറേ കാര്യങ്ങൾ ചെയ്യണം എന്നും എനിക്ക് അതിയായ ആഗ്രഹമുണ്ട്.

വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകമാണല്ലോ പ്രകൃതി. മനുഷ്യരുടെ അനാവശ്യ പ്രവൃത്തികൾ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നത് നമ്മളെല്ലാം കാണുന്നു. വനനശീകരണം, പുഴയിലെ മണൽവാരൽ, പാറ പൊട്ടിക്കൽ, കരിമണൽ ഖനനം, വയലേലകൾ നികത്തൽ തുടങ്ങിയവ ഇതിൽ പെട്ടതാണ്.



പ്ലാസ്റ്റിക്കിന്റെ ആധിക്യം നമ്മുടെ പ്രകൃതിയെ നശിപ്പിക്കുന്നു. പുതുവർഷത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം തീർച്ചയായും ഞാൻ കുറക്കും. എന്റെ കൂട്ടുകാരെ ഞാൻ അതിന്റെ ദൂഷ്യഫലത്തെ പറ്റി പറഞ്ഞ് ബോധവൽക്കരിക്കും.

ഇപ്പോൾ കുട്ടികൾ എല്ലാവരും കമ്പ്യൂട്ടർ ഗെയിമിന്റെ മുമ്പിലാണല്ലോ! വായനയുടെ കാര്യം അങ്ങനെ ആരും ശ്രദ്ധിക്കാറില്ല. മാനസിക വളർച്ചക്ക് വായന പ്രധാനമാണല്ലോ. പുസ്തകങ്ങളിലൂടെ നമുക്ക് എന്തെല്ലാം അറിവുകളാണ് ലഭിക്കുന്നത്! ഈ പുതുവർഷത്തിൽ എനിക്ക് കുറേ വായിക്കണം, കുറേ അറിവുകൾ നേടണം, സ്കൂളിൽ നടക്കുന്ന ക്വിസ് മൽസരങ്ങളിലെല്ലാം നല്ല പ്രകടനം കാഴ്ചവെക്കണം എന്നും ഞാൻ ആഗ്രഹിക്കുന്നു.

പുതിയ വർഷമാകുമ്പോൾ പുതിയ ഉടുപ്പ്, പുതിയ കമ്മൽ, മറ്റു പല സാധനങ്ങളും വാങ്ങിത്തരാൻ ഞാൻ അമ്മയോട് ആവശ്യപ്പെടാറുണ്ട്. ചിലപ്പോഴൊക്കെ അമ്മ വാങ്ങിത്തരും, ചിലപ്പോൾ അമ്മ മറക്കും. ഇത്തവണ കുറേ പുസ്തകങ്ങൾ വാങ്ങിത്തരാനും ഞാൻ അമ്മയോട് പറയും. എല്ലാവർക്കും നല്ലൊരു വർഷമാകട്ടെ രണ്ടായിരത്തി പതിനെട്ട് എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

▸▸ സ്റ്റാമ്പ് ശേഖരണത്തിന്റെ ശാസ്ത്രീയ പേര്- ഫിലാറ്റലി



• മുഹമ്മദ് അമീൻ. എം

ഹിൽടോപ്പ് പബ്ലിക് സ്കൂൾ, കുന്നക്കാവ്

# എന്റെ പുതുവർഷ സ്വപ്നങ്ങൾ

പുതിയ വർഷത്തിൽ എനിക്ക് കൊറേ കാര്യങ്ങൾ ചെയ്യണം എന്ന് ആഗ്രഹമുണ്ട്. കളിയിലും പഠിപ്പിലും എല്ലാം മുന്നിലാകണം എന്നാണ് എന്റെ ഒന്നാമത്തെ ആഗ്രഹം.

വർഷങ്ങൾ കഴിയും തോറും ചൂട് കൂടുകയാണ് എന്ന് എന്റെ ഉപ്പ പറഞ്ഞു. വേനൽക്കാലത്ത് കിണറുകളിൽ വെള്ളം വറ്റാറില്ലേ... അത് മരങ്ങൾ മുറിച്ച് പ്രകൃതിയെ ചൂഷണം ചെയ്യുന്നതുകൊണ്ടാണെന്നും ഉപ്പ പറഞ്ഞു. അത് കേട്ടപ്പോൾ എനിക്ക് തോന്നിയതാ കൊറേ ചെടികൾ വെച്ചുപിടിപ്പിക്കണം എന്ന്. പുതിയ വർഷത്തിൽ ഞാൻ ഒരുപാട് ചെടികൾ നടും.

പുതിയ വർഷത്തിൽ സമാധാനവും സന്തോഷവും ഉണ്ടാവട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു. എല്ലാരും തമ്മിൽ നല്ല സ്നേഹവും ഐക്യവും ആണെങ്കിൽ എന്ത് നല്ല രസമായിരിക്കും! നമ്മൾ കുട്ടികൾ സ്കൂളിലും മറ്റുമൊക്കെ കൂട്ടുകാരുമായി നല്ല ബന്ധം ഉണ്ടാക്കണം. ഈ വർഷത്തിൽ എനിക്ക് കുറേ നല്ല കൂട്ടുകാരെ കണ്ടെത്തണം. നല്ല കൂട്ടുകാർ നമ്മെ വലിയ ഉയരങ്ങളിലേക്ക് നയിക്കും. കുഞ്ഞുണ്ണി മാഷുടെ എനിക്ക് വളരെ ഇഷ്ടപ്പെട്ട ഒരു കുഞ്ഞിക്കവിത ഉണ്ട്:

*വായിച്ചാലും വളരും*
*വായിച്ചില്ലേലും വളരും*
*വായിച്ച് വളർന്നാൽ വിളയും*
*വായിക്കാതെ വളർന്നാൽ വളയും.*




വായനയുടെ പ്രാധാന്യം പറഞ്ഞുതരുന്നു ഈ കവിത. എനിക്ക് കൂടുതൽ വായിക്കണം ഈ പുതിയ വർഷത്തിൽ. അപ്പോൾ നാം വലുതാകുമ്പോൾ നല്ല അറിവുള്ളവരാകും. അറിവ് കൂടുമ്പോൾ നമുക്ക് നല്ല മനുഷ്യരാകാൻ പറ്റും. എല്ലാവർക്കും ഈ പുതുവർഷം നല്ലതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇറാന്റെ പഴയ പേര് – പേർഷ്യ